## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4987 — 14/11/2019 ൽ മറുപടിക്ക്

## സർവ്വെയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ എൽ.ഡബ്ല്യു.എ. വിഭാഗത്തിൽപ്പെട്ട ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ; | (എ) | സർവ്വെയും ഭൂരേഖയും വകുപ്പിൽ എൽ.ഡബ്ല്യു.എ വിഭാഗത്തിൽ 18 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | 31.10.2019 അടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതലായി എത്ര എൽ.ഡബ്ല്യു.എ. ഒഴിവുകളാണ് നിലവിലുള്ളത്; അറിയിക്കുമോ; | (ബി) | സർവ്വെയും ഭൂരേഖയും വകുപ്പിൽ 31.10.2019 അടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതലായി 17 ഒഴിവുകൾ നിലവിലുണ്ട്. |
| (സി) | സർവ്വേയും ഭൂരേഖയും വകുപ്പിൽ സെക്കന്റ് ഗ്രേഡ് സർവ്വേയർക്ക് 31.10.2019 അടിസ്ഥാനമാക്കി സിനിയോരിറ്റി ലിസ്റ്റ് പ്രകാരം എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ നിന്നും വകുപ്പ് വിട്ടു പോയ എത്ര പേരാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | സെക്കന്റ് ഗ്രേഡ് സർവ്വെയർ തസ്തികയിൽ 30.04.2018 വരെയുള്ള ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് ലഭ്യമാണ്. പ്രസ്തുത ലിസ്റ്റിൽ 779 പേർ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ നിന്നും 18 ജീവനക്കാർ വകുപ്പ് വിട്ടുപോയിട്ടുള്ളതാകുന്നു. |
| (ഡി) | അപ്രകാരം വന്ന ഒഴിവുകൾ സർവ്വേയർ ഗ്രേഡ് 2 പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും നിയമനം ലഭിക്കാൻ അർഹമാണോ എന്ന് അറിയിക്കുമോ? | (ഡി) | സെക്കന്റ് ഗ്രേഡ് സർവ്വെയർ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിൽ (വകുപ്പ് വിട്ടുപോയതുൾപ്പെടെ) പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നാണ് നിയമനം നടത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ